"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആയുഷ് വകുപ്പ് - ഭാരതീയ ചികിത്സാ വകുപ്പ് - സർക്കാർ ജീവനക്കാർക്കുള്ള സമാശ്വാസ തൊഴിൽദാന പദ്ധതി - കൊല്ലം ജില്ലയിലെ എഴുകോൺ ഗവ.ആയുർവേദ ഡിസ്പെൻസറിയിൽ പാർട്ട് ടൈം സ്വീപ്പർ ആയി സേവനമനുഷ്ഠിച്ചുവരവേ അന്തരിച്ച എൻ.സത്യദേവന്റെ ഭാര്യ ശ്രീമതി സുധർമ കെ. ക്ക് കൊല്ലം ജില്ലയിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(കൈ) നം.30/2026/AYUSH തീയതി,തിരുവനന്തപുരം, 04-07-2026

---

പരാമർശം:-

1. സ.ഉ.(പി) നം. 12/99/ഉഭപവ. തീയതി 24.05.1999.
2. ശ്രീമതി സുധർമ കെ. സമർപ്പിച്ച 21.02.2025 ലെ അപേക്ഷ.
3. കൊല്ലം ജില്ലാകളക്ടറുടെ 19.07.2025 ലെ DCKLM/4807/2025-S4 നം.കത്ത്.
4. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 12.08.2025, 01.06.2026 തീയതികളിലെ DISM/2395/2025-E4 നം.കത്തുകൾ.
5. സ.ഉ(അച്ചടി) നം.15/2025/P&ARD തീയതി 09.11.2025.

**<u>ഉത്തരവ്</u>**

ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ കൊല്ലം ജില്ലയിലെ എഴുകോൺ ഗവ.ആയുർവേദ ഡിസ്പെൻസറിയിൽ പാർട്ട് ടൈം സ്വീപ്പർ ആയി സേവനമനുഷ്ഠിച്ചു വരവേ 04.10.2024 ൽ അന്തരിച്ച എൻ.സത്യദേവന്റെ ഭാര്യ ശ്രീമതി സുധർമ കെ. സർക്കാർ ജീവനക്കാർക്കുള്ള സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിത നിയമനത്തിനായി പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

**2.** ഭാരതീയ ചികിത്സാവകുപ്പിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ 15.01.2007 ൽ സേവനമാരംഭിച്ച എൻ സത്യദേവന് 17 വർഷം 08 മാസം 20 ദിവസം സേവനകാലമുണ്ടെന്നും കൊല്ലം ജില്ലയിലെ എഴുകോൺ ഗവണ്മെന്റ് ആയുർവേദ ഡിസ്പെൻസറിയിൽ പാർട്ട് ടൈം സ്വീപ്പർ ആയി സേവനമനുഷ്ഠിച്ചുവരവേ 04.10.2024-ൽ അന്തരിച്ച ടിയാളുടെ ജനന തീയതി 07.10.1956 ആണെന്നും ആശ്രിത നിയമന അപേക്ഷകയായ ശ്രീമതി സുധർമ കെ.യുടെ അപേക്ഷ അനുഭാവപൂർവം പരിഗണിച്ച് ടിയാൾക്ക് ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ കൊല്ലം ജില്ലയിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ആശ്രിത നിയമനത്തിനായി മാറ്റിവെച്ചിട്ടുള്ള 30.09.2025 ൽ സംജാതമായ ഒഴിവിൽ ആശ്രിത നിയമനം നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്നും ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

**3.** അപേക്ഷകയായ ശ്രീമതി. സുധർമ്മ കെ. പരേതനായ സർക്കാർ ജീവനക്കാരന്റെ

അവകാശിയാണെന്നും ടിയാൾക്ക് എസ്.എസ്.എൽ.സി. വിദ്യാഭ്യാസ യോഗ്യതയുണ്ടെന്നും സ്കൂൾ സർട്ടിഫിക്കറ്റ് പ്രകാരം ടിയാളുടെ ജനനതീയതി 30-05-1963 ആണെന്നും ടിയാൾക്ക് നിലവിൽ 62 വയസ്സ് പ്രായമുണ്ടെന്നും കൊല്ലം ജില്ലയിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നൽകണമെന്നാണ് ടിയാൾ അപേക്ഷിച്ചിട്ടുള്ളതെന്നും അപേക്ഷകക്ക് ആശ്രിതനിയമനം നൽകുന്നതിലേയ്ക്ക് അനുകൂലമായി മറ്റ് അവകാശികൾ സ്വന്തം നിലയിൽ മൊഴി നൽകിയിട്ടുണ്ടെന്നും മറ്റ് അവകാശികളെ സംരക്ഷിക്കുന്നതാണെന്ന് അപേക്ഷകയും സമ്മതമൊഴി നൽകിയിട്ടുണ്ടെന്നും ടിയാളുടെ കുടുംബവരുമാനം 2,45,904/- രൂപയാണെന്നും അപേക്ഷകയെ ആശ്രിത നിയമനത്തിനായി പരിഗണിക്കാവുന്നതാണെന്നും കൊല്ലം ജില്ലാകളക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

4. മേൽ സാഹചര്യത്തിൽ, കൊല്ലം ജില്ലാകളക്ടറുടെ പരാമർശം (3) പ്രകാരമുള്ള ശിപാർശയുടേയും ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ പരാമർശം (4) പ്രകാരമുള്ള ശിപാർശയുടേയും അടിസ്ഥാനത്തിൽ, കൊല്ലം ജില്ലയിലെ എഴുകോൺ ഗവ.ആയുർവേദ ഡിസ്പെൻസറിയിൽ പാർട്ട് ടൈം സ്വീപ്പർ ആയി സേവനമനുഷ്ഠിച്ചുവരവേ 04.10.2024 ൽ അന്തരിച്ച എൻ.സത്യദേവന്റെ ഭാര്യ **ശ്രീമതി സുധർമ്മ കെ., രാജ് ഭവൻ, വേലംകോണം, ചന്ദനത്തോപ്പ് പി.ഒ., കൊല്ലം - 691014** എന്നവർക്ക് ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ **കൊല്ലം ജില്ലയിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ** ആശ്രിത നിയമനത്തിനായി മാറ്റിവെച്ചിട്ടുള്ള 30.09.2025 ൽ സംജാതമായ ഒഴിവിൽ സർക്കാർ ജീവനക്കാരുടെ സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. ഏതെങ്കിലും കാരണത്താൽ അപേക്ഷക ആവശ്യപ്പെട്ട ജില്ലയിൽ ആശ്രിത നിയമനം നൽകാൻ കഴിയാതെ വന്നാൽ പരാമർശം (1) സർക്കാർ ഉത്തരവ് ഖണ്ഡിക 28 ൽ പ്രതിപാദിക്കും പ്രകാരം അപേക്ഷകയുടെ ആനുകൂല്യം സംരക്ഷിച്ച് നൽകുന്നുണ്ടെന്ന് നിയമനാധികാരി ഉറപ്പുവരുത്തേണ്ടതാണ്.

6. അപേക്ഷകയുടെ വയസ്, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള അസൽ രേഖകൾ പരിശോധിച്ച് ശരിയാണെന്ന് ഉറപ്പുവരുത്തി, നിയമനാധികാരി, ടിയാൾക്ക് നിയമന ഉത്തരവ് നൽകുന്നതാണ്. സർക്കാർ സർവീസിലുള്ള സിവിൽ സർജനിൽ കുറയാത്ത റാങ്കിലുള്ള മെഡിക്കൽ ഓഫീസർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്, സമീപകാലത്തെടുത്തതും സംസ്ഥാന സർക്കാരിലെ ഗസറ്റഡ് ഓഫീസർ മുറപ്രകാരം സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമായ പാസ്പോർട്ട് സൈസ് ഫോട്ടോകൾ എന്നിവ ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് അപേക്ഷക ഹാജരാക്കേണ്ടതാണ്.

7. ആശ്രിത നിയമനം സംബന്ധിച്ച വിവരങ്ങൾ മരണപ്പെട്ട ജീവനക്കാരന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തുന്നതിനുള്ള തുടർനടപടികൾ നിയമനാധികാരി സ്വീകരിക്കേണ്ടതാണ്. അപേക്ഷക അപേക്ഷ സമർപ്പിക്കുന്ന വേളയിലോ, വകുപ്പുതല അന്വേഷണം നടത്തുന്ന സമയത്തോ വസ്തുനിഷ്ഠമായ യാഥാർത്ഥ്യം മറച്ചുവച്ചതായോ, തെറ്റായ വിവരം ലഭ്യമാക്കിയതായോ സർക്കാർ കണ്ടെത്തുകയാണെങ്കിലോ, അല്ലെങ്കിൽ ഉത്തരവ് പുറപ്പെടുവിച്ചതിൽ തെറ്റുപറ്റിയെന്ന് പിന്നീട് കാണുകയാണെങ്കിലോ സർക്കാർ ജീവനക്കാരുടെ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നൽകിയ നിയമനം റദ്ദ് ചെയ്യുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

VIJAIRAJ J

ജോയിന്റ് സെക്രട്ടറി

1. ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം.
2. ശ്രീമതി സുധർമ കെ., രാജ് ഭവൻ, വേലംകോണം, ചന്ദനത്തോപ്പ് പി.ഒ., കൊല്ലം - 691014 (Registered with AD).
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ ), കേരള, തിരുവനന്തപുരം.
4. പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പ് (26.03.2026 ലെ SD2/27/2026-GAD)
5. വിവര പൊതുജനസമ്പർക്ക (വെബ് & മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിനായി).
6. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (AYUSH-A1/303/2025-AYUSH)

ഉത്തരവിൻ പ്രകാരം

Signed by
Baiju G
സെക്ഷൻ ഓഫീസർ
Date: 06-07-2026 10:52:07

പകർപ്പ് -
ബഹു.ആരോഗ്യ-ദേവസ്വം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ആയുഷ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.
ആയുഷ് വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.